# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

30.11.2018-ലെ മറുപടി

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ:1026

### തൃപ്പൂണിത്തറ മണ്ഡലത്തിലെ ഇടക്കൊച്ചി പ്രദേശത്തെ കുടിവെള്ളക്ഷാമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഇടക്കൊച്ചി പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയുടെ ഭാഗമായ പാമ്പായിമൂലയിൽ ജല അതോറിറ്റിയുടെ വക സ്ഥലത്ത് 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല ജല സംഭരണിയുടെ എസ്റ്റിമേറ്റ് തുക 278 ലക്ഷം രൂപയിൽ നിന്നും 356 ലക്ഷം രൂപയായി പുതുക്കി അനുവദിച്ചിട്ടും പ്രസ്തുത പ്രവൃത്തി ആരംഭിക്കാത്തതിന് കാരണം വിശദമാക്കാമോ; | (എ) | പാമ്പായിമൂലയിൽ 15 ലക്ഷം ലിറ്റർ ശേഷിയുള്ള ഭൂതല സംഭരണിയും പമ്പ്ഹൗസും അനുബന്ധഘടകങ്ങളും നിർമ്മിക്കുന്നതിനായി 278 ലക്ഷം രൂപയുടെ ഭരണാനുമതി ശ്രീ.കെ.ബാബു എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 29/02/2016-ലെ GO.(Rt).No:205/2016/WRD പ്രകാരം അനുവദിച്ചിരുന്നു. മണ്ണ് പരിശോധന നടത്തി DSR 2016 പ്രകാരം അടങ്കൽ തയ്യാറാക്കിയപ്പോൾ ഭൂതല സംഭരണിയുടെ നിർമ്മാണത്തിനു മാത്രം, 346 ലക്ഷം രൂപ ആവശ്യമായി വന്നു. 68 ലക്ഷം രൂപ അധികമായി വേണ്ടി വന്നത് ശ്രീ.ജോൺ ഫെർണാണ്ടസ് എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ലഭിച്ചു. കൂടാതെ പമ്പ് ഹൗസിന്റെ നിർമ്മാണത്തിനായി ശ്രീ.എം.സ്വരാജ് എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 70 ലക്ഷം രൂപ അനുവദിച്ചു. DSR 2016 പ്രകാരം ഭൂതല സംഭരണിയുടെ അടങ്കലിന് ജല അതോറിറ്റിയിൽ നിന്നും 302 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയുണ്ടായി. പ്രവൃത്തിയ്ക്ക് വേണ്ടി 3,01,85,813/- രൂപയുടെ ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | മേൽ വിവരിച്ച പ്രകാരം ഫണ്ടിന്റെ കുറവും നടപടി ക്രമങ്ങൾക്കുണ്ടായ കാല താമസവുമാണ് പ്രവൃത്തി തുടങ്ങാനുണ്ടായ കാലതാമസത്തിനു കാരണം. |
| (ബി) | ഈ പ്രവൃത്തിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ; | (ബി) | ഈ പ്രവൃത്തിയ്ക്കുവേണ്ടി 3,01,85,813/- രൂപയുടെ ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്നും അത് എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ? | (സി) | ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി ഏറ്റവും കുറഞ്ഞ തുകയ്ക്ക് ടെണ്ടർ എടുക്കുന്ന കരാറുകാരൻ എഗ്രിമെന്റിൽ ഏർപ്പെടുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുവാൻ കഴിയും. പ്രവൃത്തി ആരംഭിച്ച് പൂർത്തീയാക്കാൻ 10 മാസത്തെ കാലാവധിയാണ് നിശ്ചയിച്ചിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**